

# പേരില്ലാപുസ്തകം

കെ. എ. അഭിജിത്ത്

# പേരില്ലാപുസ്തകം

കെ. എ. അഭിജിത്ത്

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2017

Pērillāpusthakam
Malayalam Memoir
by K. A. Abijith
First published: 2017

Copyright © 2017, K. A. Abijith, Padoor, Palakkad, Kerala

First EPUB/PDF version published: 2017

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional script of Rachana, designed by K. H. Hussain, *et al.* The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover painting: by K. A. Abijith
All paintings and illustrations in this book are created by K. A. Abijith

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


1 ആമുഖം . . . . . . . . . . . . . . . . . 3
2 നീരു വന്ന രണ്ടു കാലുകൾ . . . . . . . . 4
3 ടീച്ചറുടെ ഓലപ്പുര . . . . . . . . . . . . . 7
4 ഹരണം . . . . . . . . . . . . . . . . . 9
5 വേരുകൾ . . . . . . . . . . . . . . . . 11
6 കിലോന് ഏഴ് ഉറുപ്പ്യ . . . . . . . . . . . 13
7 സമ്മാനം . . . . . . . . . . . . . . . . 15
8 അമ്മ ഉണ്ടില്ലല്ലോ . . . . . . . . . . . . 17
9 മാഷ് പോയാൽ ഇനി... . . . . . . . . . . 19
10 നീന്തി നീന്തി വിശപ്പടങ്ങാത്ത കിണ്ണങ്ങൾ 21
11 കരിയിലകൾ ആരും കാണാറില്ല . . . . 23
12 വറ്റ് മക്കൾക്ക് വെള്ളം അമ്മക്ക് . . . . 27
13 എന്റെ സ്കൂൾ . . . . . . . . . . . . . . . 30

# കെ. എ. അഭിജിത്ത്



സുധയുടേയും, ആന്റോ കണ്ണന്റേയും മകനായി പാലക്കാട് ജില്ലയിലെ പാട്ടൂരിൽ, 2001 ഒക്ടോബർ 3-ന് ജനനം. പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു. മലയാളം വിക്കിപീഡിയ പ്രവർത്തകൻ. ടെഡ് പ്രഭാഷണങ്ങൾക്ക് മലയാളം സബ്ടൈറ്റിലുകൾ നിർമ്മിച്ചു. 2014-ൽ ശാസ്ത്രസാഹിത്യ പരിഷത്ത് പട്ടം എന്ന ആദ്യത്തെ പുസ്തകം പുറത്തിറക്കി. ഛണ്ഡിഗഡിൽ വച്ച് നടന്ന 2016 വിക്കിമാനിയ കോൺഫറൻസിൽ മലയാളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു. ശബ്ദതാരാവലി പ്രവർത്തനങ്ങളിൽ പങ്കാളിയായി.

വരിയും, വരയുമായി യാത്ര തുടരുന്നു.


വിലാസം: കണ്ണംപുഴ, മെച്ചോട്, പാട്ടൂർ പി. ഒ. പാലക്കാട് 678543, കേരളം

ഇ-മെയിൽ: abijithka@gmail.com

മൊബൈൽ: +91 9497 80 2408

# സമർപ്പണം



സുനന്ദൻ മാഷിന്

...



# 1 ആമുഖം

ഓർമകളുടെ
ബെഞ്ചും,
ചോക്കും,
കിണ്ണവും
കഞ്ഞിപ്പെരയും
ശബ്ദമുണ്ടാക്കുന്ന
ആ പഴയ മരച്ചോട്ടിലേക്ക്.

# 2 നീരു വന്ന രണ്ടു കാലുകൾ



കുടിലിൽ ഇരുട്ടാണ്. അവിടേക്കെത്തിനോക്കിയപ്പോൾ നാലു തിളങ്ങുന്ന കണ്ണുകൾ അവിടെയാകെ തെളിഞ്ഞു. കണ്ണി അമ്മൂമ്മയും, കണ്ണനപ്പൂപ്പനുമായിരുന്നു അത്. കണ്ണിഅമ്മൂമ്മക്ക് അറുപതു കഴിഞ്ഞു. അപ്പൂപ്പന് എഴുപതും. കണ്ടാ തോന്നില്ല. "വറ്റാത്ത രണ്ടു നീരുറവകൾ"...

നാൽപ്പത്തിരണ്ടു വർഷമായി കല്ല്യാണം കഴിച്ചിട്ട്. പതിനെട്ടാം വയസ്സിലാ കല്ല്യാണം. സന്തോഷത്തോടെ ജീവിക്കുന്നു. പക്ഷേ, അപ്പൂപ്പൻ കിടപ്പിലാണ്. നീരു വന്ന രണ്ടു കാലുകൾ. പനിയുണ്ടായിരുന്നു, ഡോക്ടറെ കാണിച്ചു, മരുന്നും തന്നു. എന്നിട്ടും മാറുന്നില്ല. കുളിക്കാൻ ഇരിക്കുകയായിരുന്നു, മൂകമായി.

അമ്മൂമ്മക്ക്, പക്ഷേ, ഒന്നുമില്ല. അവരുടെ ജീവിതത്തിലേക്കൊന്ന് തിരിഞ്ഞു നോക്കിയാൽ കാണാം. അന്നുള്ളതിൽ വെച്ച് വലിയ വീട്. ഓട് വീട്. അതിനുള്ളിൽ നീലി, ചേറുമ്പൻ, മണി, മാധവി, ലീല, കാശു, പിന്നെ കണ്ണിഅമ്മൂമ്മയും. ജനിച്ച് ഓർമവരും മുമ്പേ അച്ഛനും അമ്മയും ഓർമയായി. മുത്തച്ചൻ മാത്രം.

കണ്ടനെന്ന് പേര്. കണ്ണിഅമ്മൂമ്മ പന്ത്രണ്ടാം വയസ്സിൽ തന്നെ പണിക്കിറങ്ങി. പഠി



ക്കാൻ സമയം കിട്ടിയിട്ടില്ല. അല്ല പഠിച്ചിട്ടില്ല. "ജീവിതമെന്ന വലിയപഠിപ്പ് മാത്രം"...

അന്നേറെ സന്തോഷമായിരുന്നു. സഹോദരങ്ങൾ നിറഞ്ഞ വീട്ടിൽ ഇപ്പോ ആരുമില്ല. കഷ്ടപ്പാടാ ഇപ്പോ. നാൽപ്പത്തിരണ്ട് വർഷം മുമ്പാ കല്ല്യാണം കഴിഞ്ഞത് ദിവസം ഇപ്പഴും നല്ല ഓർമയുണ്ട്. മേടമാസം 28. കല്ല്യാണങ്ങളുടെ രീതി എന്നു പറഞ്ഞാൽ, പെണ്ണിന്റെ വീട്ടിലേക്ക് ചെക്കന്റെ വീട്ടുകാർ അഞ്ചേകാൽ രൂപ കൊടുക്കണം. അച്ഛനമമ്മയും, പെണ്ണു ചോദിച്ചുപോണം. അതാണ് കല്ല്യാണം.

അച്ചാച്ചനാ അവരെ വളർത്തിയത്. കോരപ്പൻ നായരെന്ന ജന്മിയുടെ കാര്യസ്ഥനായിരു

ന്നു മുത്തച്ചൻ. അതുകൊണ്ടാണത്രേ വീട് ഓടായത്. അച്ചാച്ചന്റെ സ്വന്തമായ ഭൂമി ഭൂപരിഷ്കരണത്തിന്റെ ഭാഗമായി ജന്മി തിരികേ വാങ്ങി.

കണ്ണിയമ്മൂമ്മക്കും നാലു മക്കൾ. ഓമന, ദേവകി, കേശവൻ, സുന്ദരൻ എന്നിങ്ങനേയാണ് പേരുകൾ. പന്ത്രണ്ടാം വയസ്സിൽ ജോലിക്കിറങ്ങിയ മുത്ത്യേമ ഇപ്പഴും ജോലിക്കുപോകുന്നു. "ചോറുണ്ണണ്ടേ"...

അന്ന് കൂലി അണക്കണക്കായിരുന്നു. ആറു പൈസ ഒരണ. നെല്ലേ പക്ഷെ കൂലി കിട്ടുള്ളു. അണയ്ക്കാവശ്യം വരുമ്പോൾ നെല്ല് അണയാക്കണം. രാവിലെ ഏഴുതൊട്ട് വൈകുന്നേരം ആറുവരെ പണിയെടുക്കണം. എന്നിട്ട് കിട്ടുന്നത് രണ്ടു നാഴി നെല്ല്. പന്ത്രണ്ടുകാരിക്ക് രണ്ടു നാഴി. വലിയവർക്ക് നാലു നാഴി. അതാണന്നത്തെ കൂലി.

വീട്ടിലെത്തിയാൽ പച്ച നെല്ല് വറത്ത്, കുത്തി, അമ്മമ്മ കഞ്ഞി വെക്കും. എല്ലാ വീട്ടിലും ഉലക്കയും ഉരലുമുണ്ടാവും. ഉത്സവമെത്തിയാൽ കുറച്ചു കൂടുതൽ നെല്ലുകിട്ടും. ഓണത്തിന് ഓണക്കോടിയും. അന്നെന്തു കിട്ടിയാലും നല്ലതാ. മരണാനന്തര ചടങ്ങൊന്നും ഇപ്പോഴത്തെ പോലെയല്ല. ചെലവ് ജന്മിയുടേതാ. പതിനഞ്ചാം നാളിൽ അടിയന്തിരം. സംസ്കരണം പുഴയോരത്തും. പ്രാഥമിക കർമങ്ങൾക്ക് ഉമിക്കരി, വേപ്പിൻതണ്ട്. എല്ലാ കാലത്തും പുഴയിൽ വെള്ളമുണ്ടാകും; കുളി അവിടേയും.

കൃഷിയിനങ്ങളിൽ പ്രധാനം നെല്ലും, തെങ്ങും മാത്രം. പ്രത്യേകം പറയേണ്ടതൊന്നുണ്ട്. പണിയുമ്പോൾ പാട്ടു "പാടില്ല". മിണ്ടാതെ പണിയണം. ജന്മി മുമ്പരത്തുണ്ടാകും. അന്ന് പാതി മാറു മറക്കാനെ അനുവാദമുണ്ടായിരുന്നുള്ളു. ഞാറ്റു വേല പ്രകാരമാണ് വിത്തെറിയൽ. കാലം മാറാതെ മഴ പെയ്യും. നല്ല വിളവ് കിട്ടും. വൃശ്ചികപൊണ്ടി, തവളക്കണ്ണൻ, വെള്ളമുണ്ടരി, തെരണ്ട, മസൂരി, കാഞ്ചന, ജോതി എന്നൊക്കെ പലപേരും നെല്ലിനുണ്ട്. പിന്നെ കൊയ്ത്തു കഴിഞ്ഞാൽ നിറയെ മീൻ കിട്ടും. ഇലയിൽ പൊതിഞ്ഞ് തീയിൽ ചുട്ടെടുക്കും. ആഹാ...

പണിക്ക് ആണുങ്ങൾക്ക് പാളത്തൊപ്പി, പട്ടക്കൊട പെണ്ണുങ്ങക്ക്. ഉത്സവമെന്നത് "പൊന്നും പൂവും കതിരും". ഉത്സവത്തിനു മുമ്പാണുത്സവം. ഒരു കാര്യം മറന്നു. കുളിക്കുന്നത് പതയുന്നൊരു കായകൊണ്ടാ. പേരോർമയില്ല.

ആ... പറഞ്ഞാൽ തീരാത്ത എത്ര കഥകളാ. ഇതൊക്കെ കേൾക്കുമ്പം, നമ്മെളെത്ര ഭാഗ്യവാന്മാരാ... അമ്മൂമ്മക്കും, അപ്പൂപ്പനും വയസ്സായിട്ടും സനേഹത്തിനൊരു കുഴപ്പവുമില്ല. ഇണപിരിയാത്ത ബന്ധം. വാർദ്ധക്യകാലത്ത് തിളങ്ങുന്ന കണ്ണുകളോടെ നിൽക്കുന്നവർ കാലത്തിലും തിളങ്ങിയേക്കാം. കൂടുതൽ പ്രകാശത്തിൽ. ചിലപ്പോൾ തിളങ്ങാതേയും പോകാം.

ആ "തിരി കെടാതിരിക്കട്ടെ"...

# 3 ടീച്ചറുടെ ഓലപ്പെര



പാട്ടൂർ സ്കൂളിന്റെ ചരിത്രത്തിന് ഏകദേശം ജാനകി ടീച്ചറോളം പ്രായമുണ്ട്. അടുത്തല്ലെങ്കിലും ഒരുപാടകലേയുമല്ല. 1944-ലാണ് തന്റെ ഇരുപത്തിരണ്ടാം വയസ്സിൽ ജാനകി ടീച്ചർ പാട്ടൂർ സ്കൂളിലേക്ക് വരുന്നത്. അന്ന് പങ്ങി മാസ്റ്ററായിരുന്നു പ്രധാനധ്യാപകൻ. ടീച്ചറുടെ കുട്ടിക്കാലം ആരംഭിക്കുന്നതും ഇതേ സ്കൂളിൽ തന്നെയായിരുന്നു. വേരൂറിയ ബാല്യകാലം സമ്മാനിച്ച തന്റെ ഓർമകൾ തങ്ങിനിൽക്കുന്ന ഇടം.

1905-ൽ ഒരു ഓലഷെഡിൽ പ്രവർത്തനമാരംഭിച്ച സ്കൂൾ, ടീച്ചറുടെ അധ്യാപന ദിവസങ്ങളായപ്പോഴേക്കും ഓട് കൊണ്ട് മേഞ്ഞ ഒന്നായി മാറിയിരുന്നു. പക്ഷെ തെക്ക് ഭാഗത്ത് അപ്പോഴും ഒരു കുഞ്ഞൻ ഓലപ്പെര ബാക്കിയുണ്ടായിരുന്നു. തുടക്കത്തിന്റെ അവശിഷ്ടങ്ങളാകാം അത്. അന്ന് ജാനകി ടീച്ചറും, അമ്മു ടീച്ചറുമായിരുന്നു പാട്ടൂർ സ്കൂളിലെ ആകെയുള്ള വനിതാ അധ്യാപകർ. അന്നങ്ങനെയായിരുന്നത്രേ.

കുട്ടിക്കാലത്ത്, വളരെ ചെറുതായിരിക്കുമ്പോൾ തന്നെ ടീച്ചറുടെ അമ്മ മരിച്ചു. അച്ഛൻ മറ്റൊരു വിവാഹം കഴിച്ചു. പിന്നെ അവരെ വളർത്തിയതും, വലുതാക്കിയതും, സ്വപ്നങ്ങൾ കാണാൻ പഠിപ്പിച്ചതും ഏളയമ്മമാരായിരുന്നു. തന്റെ ഒരിഷ്ടത്തിനും അനിഷ്ടം പറയാതെ, എല്ലാം അവർ നൽകി. ടീച്ചറുടെ ഓർമകളിൽ അവിടത്തെ അധ്യാപകരെല്ലാവരും ഒരുമിച്ച് ഒരു കൂട്ടുകുടുംബം പോലെയായിരുന്നു, തമ്മിൽ വിദ്വേഷമൊന്നും വച്ചുപുലർത്താതെ ഓരോ തലമുറയും പാട്ടൂർ സ്കൂളിൽ വിരിഞ്ഞുകൊണ്ടിരുന്നു.

പുറത്ത് ജാതിയുടെ ചിലമ്പ് കിലുങ്ങിക്കൊണ്ടിരുന്ന കാലമാണത്. എല്ലാ ജാതിയിലും, സമൂഹത്തിലുംപെട്ട കുട്ടികൾ സ്കൂളിലേക്ക് വന്നു.

എന്നിരുന്നാലും നായാടി, ചെറുമൻ, പാണൻ, കൊല്ലൻ എന്നീ രീതിയിൽ അവർക്ക് പ്രത്യേകം ഇരിപ്പിടങ്ങളുണ്ടായിരുന്നു. പക്ഷെ വലിയവനെന്നോ ചെറിയവനെന്നോ സ്കൂളിനകത്ത് ഉണ്ടായിരുന്നില്ല. വിശ്വാസങ്ങൾ അതിന്റേതായ അകലങ്ങളും, തൊട്ടുകൂടായ്മയും പാലിക്കുമ്പോഴും കുട്ടികളെല്ലാവരേയും തുല്യതയോടെ കണ്ടു. അവർ വളർന്നു.

അന്ന് ആദ്യമായി അധ്യാപനത്തിലേക്ക് വരുമ്പോൾ അഞ്ച് രൂപയായിരുന്നു ശമ്പളം. അന്നതിന് അത്യധികം മൂല്യമുണ്ടായിരുന്നു. ഇന്നത്തെ അഞ്ഞൂറു രൂപയ്ക്ക് തുല്യം.

പിന്നീട് സ്കൂളിനെ സർക്കാർ ഏറ്റെടുത്തതിന് ശേഷം ശമ്പളത്തിലും മറ്റും മാറ്റങ്ങൾ സംഭവിച്ചു. അണ, ഉറുപ്പിക, പൈ എന്നൊക്കെയായിരുന്നു അക്കാലത്തെ നാണ്യവ്യവസ്ഥ.

വർഷത്തിലൊരിക്കലെങ്കിലും ഇൻസ്പെക്ഷനായി മേലധികാരികൾ വരും. നിശ്ചിത കുട്ടികളില്ലെങ്കിൽ ഡിവിഷനുകൾ കുറയ്ക്കും. അതുകൊണ്ടുതന്നെ അവർ വരുന്ന നാളുകളിൽ വരാത്ത കുട്ടികളെ വീട്ടിൽ പോയി പിടിച്ചോണ്ടുവരലായിരുന്നത്രേ പണി. ടീച്ചർ ഒരൽപ്പം ചിരിയോടെ പറഞ്ഞു.

മുപ്പത്തഞ്ചു വർഷത്തോളം കാലം പാട്ടൂർ സ്കൂളിൽ ടീച്ചർ സേവനമനുഷ്ടിച്ചു. 1982-ലാണ് ടീച്ചർ സ്കൂളിൽ നിന്ന് വിരമിക്കുന്നത്.

എന്നിട്ടും, ടീച്ചറിൽ പാട്ടൂർ സ്കൂളിന്റെ പഴയ കഥകൾ ഒരു കീറലുമില്ലാതെ ബാക്കി നിൽക്കുന്നു. പ്രായത്തിന്റേയോ, കാലത്തിന്റേയോ തിമിരമില്ലാതെ, ഇരുളില്ലാതെ... ടീച്ചറിപ്പോഴും സന്തോഷവതിയാണ്.

ഒറ്റയ്ക്കാണ് ഇപ്പോഴും താമസം, സ്വന്തമായി പാചകം ചെയ്യുന്നു, വീട് വൃത്തിയാക്കുന്നു. ഓർമകൾ ഇപ്പോഴും അണകെട്ടി നിൽക്കുകയാണ്.

ഒരുപാട് പറയാനുണ്ട്.

അതുപോലെ സ്കൂളിനും...

# 4 ഹരണം



നാണുവല്ല്യേച്ചന് ഇന്ന് എഴുപത്തെട്ടു വയസ്സായി. ഇപ്പോഴും പണിക്കുപോയാണുവല്ല്യേച്ചൻ തന്റെ കുടുംബത്തിനെ നോക്കുന്നത്. ജീവിതത്തിന്റെ എല്ലാ ജരാനരകളും, വിള്ളലുകളും, നാണു വല്ല്യേച്ചന്റെ കൊഴിഞ്ഞുപോയ കൺപോളകളിൽ കാണാം.

മൂന്നാം ക്ലാസ്സ് വരെയാണ് സ്കൂളിൽ പോയത്. അതിനു ശേഷം തന്റെ അനിയത്തിമാർക്കായി പണിക്കുപോയി. സ്കൂളിനെക്കുറിച്ച് കൃത്യമായ ഓർമകൾ അദ്ദേഹത്തിനില്ല. അച്ഛ

നമമ്മക്കും പണിയില്ലാത്ത ദിവസങ്ങളിലാണ് വല്ല്യേച്ചൻ സ്കൂളിലേക്ക് പോയിരുന്നത്. അക്ഷരങ്ങളും, സംഖ്യകളും വല്ല്യേച്ചനിൽ നിന്ന് അതോടെ അവസാനിച്ചു.

പിന്നീട്

പന്ത്രണ്ടാം വയസ്സിൽ നടക്കാവ് കുഞ്ചു ഏട്ടന്റവിടെ കാലിമേപ്പിന് പോയി. പതിനാറാം വയസ്സ് വരെയും അവിടെയായിരുന്നു. സ്കൂളിൽ നിന്ന് വിടപറഞ്ഞ് തെരുവുകളായി മാറിയ കഥ തുടങ്ങുന്നത് അവിടെയാണ്. പിന്നീട് അവിടന്ന് വണ്ടി കയറി, തിരുപ്പൂരിലെ ഒരു ഹോട്ടലിലെത്തി. അന്യന്റെ കിണ്ണവും, വറ്റുമായി പതിനാല് കൊല്ലം അവിടെയായിരുന്നു. സ്വപ്നങ്ങളും, ആഗ്രഹങ്ങളും, പ്രാരാബ്ധങ്ങളുടെ ബാർ സോപ്പിൽ അങ്ങനെ അലിഞ്ഞുതീർന്നു.

തന്റെ പത്തൊമ്പതാം വയസ്സിലാണ് നാണു വല്ല്യേച്ചൻ വിവാഹം കഴിച്ചത്. പക്ഷെ അവരിൽ അദ്ദേഹത്തിന് മക്കളുണ്ടായില്ല. വൈകാതെ ഭാര്യ അന്തരിച്ചു.

തിരിച്ച് നാട്ടിലെത്തിയതിനു ശേഷമായിരുന്നു വേലുക്കുട്ടി എഴുത്തച്ഛന്റെ കൃഷിസ്ഥലത്ത് ചേരുന്നത്. തന്റെ ജീവിതകാലത്തിന്റെ നാൽപ്പത് വർഷങ്ങൾ വല്ല്യേച്ചൻ അവിടെ ചില വഴിച്ചു. പാരമ്പര്യമായി തന്റെ കുടുംബക്കാരെല്ലാവരും അവിടത്തെ പണിക്കാരായിരുന്നു. കാലങ്ങൾ കടന്നുപോയി. നാണു എന്ന പണിക്കാരനെ മുതലാളി പിരിച്ചുവിട്ടു. പിന്നീട് തന്റെ അമ്പത്തേഴാം വയസ്സിൽ വല്ല്യേച്ചൻ മറ്റൊരു വിവാഹം കഴിച്ചു. അവരിൽ വല്ല്യേച്ചന് രണ്ട് മക്കളുണ്ട്. രണ്ടുപേരും ഇപ്പോൾ പഠിക്കുകയാണ്. ഒരാൾ എട്ടിലും മറ്റൊരാൾ ഒമ്പതിലും. പക്ഷെ ഒന്നും അവസാനിച്ചിരുന്നില്ല.

വിള്ളലേൽക്കപ്പെട്ട, തന്റെ ആര്യോഗത്തിനു മീതെ മനസ്സുറപ്പോടെ വീണ്ടും വല്ല്യേച്ചൻ പണിക്കുപോയി. പതിനാറ് കൊല്ലം പ്രഭാകരൻ മുതലാളിയുടെ തോട്ടത്തിൽ പണിതു.

പക്ഷേ, കാലമോ, ജീവിതമോ വല്ല്യേച്ചനെ അപ്പോഴും ദുരിതങ്ങളിൽ നിന്ന് ദുരിതങ്ങളിലേക്ക് തള്ളിയിട്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് ഭാര്യക്ക് കാൻസറാണ്.

കാൻസറിനോടൊപ്പം തന്റെ സമയത്തേയും, അത് കാർന്നുതിന്നുകൊണ്ടിരിക്കുന്നു. നടക്കാനൊന്നും വയ്യ, പക്ഷെ ചുമലിൽ ഭാരമുണ്ട്.

പട്ടിണിയുടേയും, ദാരിദ്ര്യത്തിന്റേയും ഭാരം, ചെയ്തുതീർക്കാനുള്ള ഭാരം. അവർ അക്ഷരമറിയാത്തവരാണ്. ഗുണനമോ, ഹരണമോ അറിയാത്തവർ.

പക്ഷെ വിദ്യാലയത്തിന്റെ മക്കൾ.

# 5 വേരുകൾ



1951 കാലഘട്ടത്താണ് പാർവതി ടീച്ചർ തന്റെ പതിനെട്ടാം വയസ്സിൽ പാട്ടൂർ സ്കൂളിലേക്ക് അധ്യാപികയായി വരുന്നത്. ടീച്ചറും അഞ്ച് വരെ ഇവിടെതന്നെയായിരുന്നു കളിച്ചതും, പഠിച്ചതുമെല്ലാം. പിന്നീട് തരുർ സ്കൂളിലേക്ക് പോയി. അതിനുശേഷം ആയക്കാട് സ്കൂളിലും പഠിച്ചു. കളപൊറ്റയിലാണ് ടീച്ചർ ട്രെയിനിംഗിന് പോകുന്നത്. അവിടെനിന്ന് ആദ്യത്തെ ഒരുകൊല്ലം ടീച്ചറായി മണപ്പാടം സ്കൂളിൽ പ്രവർത്തിച്ചു. പിന്നീടാണ് സ്വന്തം സ്കൂളിലേക്ക് വന്നത്. പണ്ട് ഇവിടെ പഠിക്കുന്ന കാലത്ത് സ്കൂളിലെതന്നെ ഒരു മാഷായിരുന്നു അച്ഛൻ.

ഗോവിന്ദൻമാഷ്. കൂടാതെ തന്റെ വല്ല്യേച്ചനായിരുന്ന കരുണാകരൻ മാഷിന്റേതാണ് പാട്ടൂർ സ്കൂൾ. അഞ്ച് കൊല്ലം സ്കൂളിന്റെ പ്രാധ്യാന അധ്യാപകയായിരുന്നു ടീച്ചർ. ഇന്ന്

അവർക്ക് 84 വയസ്സായി. ഏകദേശം ഇരുപത്തേഴ് കൊല്ലങ്ങളായി പാട്ടൂർ സ്കൂളിൽ നിന്ന് വിരമിച്ചിട്ട്.

നീണ്ട ഒരു കാലഘട്ടത്തെ ലോകത്തിനു സമ്മാനിച്ച സമയങ്ങളിൽ നിന്നുള്ള തിരിച്ചു പോരാനാകാത്ത ഒരു വിരമിക്കൽ. ആദ്യമായി സ്കൂളിലേക്ക് വരുന്ന കാലത്ത് അമ്പത് രൂപയായിരുന്നു ശമ്പളം. പിന്നീട് പ്രധാന അധ്യാപികയായ സമയമായപ്പോഴേക്കും മൂവായിരം രൂപയായി.

അന്നത്തെ അദ്ധ്യാപകരെല്ലാരും ഒരേ കുടുംബക്കാരായിരുന്നു. വേരുകളിലല്ലെങ്കിൽ ചോരയിൽ സമം. കുട്ടികളെ അധികം ശിക്ഷിക്കാറില്ല. തന്റെ ഒരംശം എന്നപോലെത്തന്നെ അന്ന് കുട്ടികൾ വളർന്നു, വലുതായി. തന്റെ സ്കൂളിനും, അങ്ങനെ നാടിനും വളർച്ചയുണ്ടാകാനായി സ്വപ്നങ്ങൾ പടുത്തുയർത്തി.

അതിൽ പാർവതി ടീച്ചറിന്റേയും, ഹൃദയമുണ്ടായിരുന്നു. നേർവഴി നയിച്ച ഹൃദയം.

# 6 കിലോന് ഏഴ് ഉറുപ്പ്യ



ഒരിക്കൽ ഇന്ത്യയിൽ ഒരു വലിയ രോഗം വന്നു. അതിൽ കുറേ മനുഷ്യർ മരണപ്പെട്ടു, കുറേ പേർ ആ രോഗത്തിന്റെ കൈകളിൽ മരിക്കാതെ മരിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് അതിൽ കുറേപേർ കാട്ടിലേക്ക് കയറിയത്, അവരവിടെ, എലിയേയും, മരങ്ങളുടെ വേരു കളേയും തിന്നു ജീവിച്ചു. അവരാണ് നായാടികൾ എന്നറിയപ്പെട്ടത്. ഞങ്ങളുടെയിടത്തും അവർ കോളനികളായി കഴിഞ്ഞുകൂടുന്നു. പക്ഷേ, ഇന്ന് അവരുടെ ഗോത്രം ഇല്ലാതായി ക്കൊണ്ടിരിക്കുകയാണ്. ഈ ഇന്ത്യയുടെ അവകാശികളായ നായാടികളെന്ന ആ ഗോത്രം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ക്രിസ്തുമസ്സിന്റെ നക്ഷത്രത്തിൽ അത്താഴമു

ണ്ണാൻ സാധനങ്ങൾ വാങ്ങാനായി പോയ വഴിയിലായിരുന്നു, കയ്യിൽ ജീവിതത്തോളം ഭാരമുള്ള ഭാണ്ഡവും, കഷ്ടതകളുടെ കിണറിൽ നിറഞ്ഞ വലിയ കണ്ണുകളും, തലയിലൊരു കെട്ടും, തോർത്തുകൊണ്ടൊരു വസ്ത്രവുമായി ഇരുണ്ട ഒരു മനുഷ്യരൂപത്തെ കണ്ടത്. ആ അവകാശി ഇന്ന് തെരുവിലാണ്.

ഇല്ലാതായിക്കൊണ്ടിരിക്കുന്ന ആ ഗോത്രത്തിന്റെ കല്ലുമാലയിലെ ഒരു മുത്ത്, ശ്യാമള വല്ല്യേമ. യാത്രയുടെ വിശ്രമത്തിലാണവരിപ്പോൾ.

ഇനിയും നടക്കാനുണ്ട്. കണ്ടതും, വല്ല്യേമ നന്നായി ചിരിച്ചു. ഞങ്ങളുടെ വീട്ടിലേക്കൊക്കെ അന്ന് വരാറുണ്ടായിരുന്നു. കുറുന്തോട്ടിയും, കടുത്തുവയുമൊക്കെ വലിക്കാൻ. അവയൊക്കെ മരുന്നുകളാണ്. അതിലുപരി വല്ല്യേമ്മയുടെ ജീവിതത്തിലെ ഒരു നേരത്തിന്റെ മുറിവുണക്കുന്നവർ. ഒരു കിലോന് ഏഴ് ഉറുപ്പ്യ (രൂപ) കിട്ടും. കാട്ടിൽ നിന്നൊക്കെ വലിച്ചുകൊണ്ടുവരുമ്പോൾ കുറേ ഉണ്ടാകും. വല്ല്യേമ്മയുടെ അച്ഛന്റെ പേര് കൃഷ്ണൻ, അമ്മയുടെ പേര് അറിയില്ല.

അച്ഛന് നാല് മക്കളാണ്, ഒരാൾ നാരായണൻകുട്ടി, ബാലൻ (ബാലൻ വല്ല്യേച്ചൻ ഇടയ്ക്ക് വീട്ടിൽ വരും, തേൻ തന്നിട്ടുപോവും. മദ്യം കഴിക്കാത്ത ചുരുക്കം നായാടികളിലൊന്നാണവർ) തങ്കമണി, രാധ. അതിൽ ഒരു ആങ്ങള മരിച്ചു, ഇനി മൂന്ന് പേരാണുള്ളത്, രണ്ട് പെൺമക്കളേയും കെട്ടികൊടുത്തു, പക്ഷെ ശ്യാമള വല്ല്യേമ്മയിന്നും ഒറ്റയ്ക്കാണ്, വീട്ടിൽ ആരുമില്ല, വീടുപോലുമില്ല. പക്ഷെ കൂടപ്പിറപ്പുകളൊക്കെ ഇടയ്ക്ക് കാണാൻ വരും. അവരും, ഇതുപോലെ മരുന്നു ശേഖരിച്ചും, നായാടിയുമാണ് ജീവിക്കുന്നത്. വല്ല്യേമ്മയ്ക്ക് തന്റെ വയസ്സറിയില്ല. അതിരാവിലെ എണീക്കും, പക്ഷെ സമയമറിയില്ല. മരുന്നുകൾ കിലോയ്ക്ക് വിൽക്കും, പക്ഷെ എത്ര ശേഖരിക്കുമെന്നറിയില്ല. വല്ല്യേമ്മയുടെ കണക്കുകൾ, കുറേ എന്ന കൂട്ടലും, നേരത്തേ എന്ന ഗുണിക്കലും, കുറച്ച് എന്ന കുറയ്ക്കലും, വൈകിയെന്ന ഹരിക്കലുമാണ്.

ശ്യാമള വല്ല്യേമ്മയ്ക്ക് സമയമായി.

ഇനിയും നടക്കാനുണ്ട്, ഒരോ വീട്ടിലും, തനിക്കുള്ള പങ്ക് കാത്തിരിക്കുകയാണ്, അങ്ങനെ വല്ല്യേമ്മയുടെ ഒരു ദിവസം കഴിഞ്ഞുപോകും. ഇടിഞ്ഞുപൊളിഞ്ഞ, വീടല്ലാത്ത വീടാണവരെ കാത്തിരിക്കാനുള്ളത്. എല്ലാവരും, ഭിക്ഷ നൽകി അവരെ പറഞ്ഞയക്കും. എന്നാലും എല്ലാവരുടേയും അമ്മായിയാണവർ. കാടിന്റെ മക്കളും, ഈ തെരുവിലെ ഭൂമിയുടെ അവകാശികളും.

# 7 സമ്മാനം



1981-ലാണ് തന്റെ ഇരുപതാം വയസ്സിൽ പരിശീലനം കഴിഞ്ഞ്, പാട്ടൂർ സ്കൂളിലേക്ക് കേശവദാസ് മാസ്റ്റർ ചേരുന്നത്. അന്ന് മാഷിന് മൂന്നാം ക്ലാസ്സായിരുന്നു കിട്ടിയിരുന്നത്. ഇന്നത്തെ അപേക്ഷിച്ച് ആ കാലം പട്ടിണിയുടേതായിരുന്നു, ആ ദാരിദ്ര്യവും, വിശപ്പുമെല്ലാം അന്നത്തെ നിലത്തിലും, കുട്ടികളുടെ മുഖത്തിലും കാണിച്ചുതരുമായിരുന്നു. ഒരു വീട് നാലോ അഞ്ചോ മക്കളുടേതായിരുന്നു. മൂത്തകുട്ടികൾ തന്റെ കുഞ്ഞനിയത്തിയനിയന്മാരെ നോക്കാനിരിക്കും. അവരുടെ പഠനം അതോടെ മുടങ്ങും. അങ്ങനെ അക്ഷരത്തിൽ നിന്ന് അവർ തനിയെ വകഞ്ഞുമാറ്റപ്പെടും.

അതുകൊണ്ടുതന്നെ ഒരേകുടുംബത്തിലെ ഒരേ സഹോദരന്മാരെ മാഷ് ഒരേ ക്ലാസ്സിലിരുത്തി പഠിപ്പിക്കുമായിരുന്നു. തൊണ്ണൂറ് വരെ കുട്ടികളുടെ എണ്ണം എത്തിയിരുന്ന കഥ മാഷ് ഓർമ്മയോടെ പറഞ്ഞു. കേശവദാസ് മാസ്റ്ററുടെ അച്ഛനമമ്മയും, അധ്യാപകരായിരുന്നു. കൂട്ടത്തോടെ, ഒരുമിച്ചുള്ള കൂട്ടുകുടുംബത്തിലായിരുന്നു മാഷിന്റെ ജനനം. മാതാപിതാക്കൾക്ക് ജോലി ഉണ്ടായിരുന്നിട്ടും, പക്ഷേ അപ്പോഴും, അവിടെ കാലിയാകുന്ന കിണ്ണത്തിന്റെ മുറിവിൽ പട്ടിണിയുണ്ടായിരുന്നു. സ്കൂളിൽ കുട്ടികൾക്ക് അന്ന് ഉപ്പുമാവായിരുന്നു ഉച്ചഭക്ഷണമായി കൊടുത്തിരുന്നത്. വിശക്കുന്ന മനസ്സുകൾ വീണ്ടും വീണ്ടും വരിയിൽ കേറി നിൽക്കും.

അച്ഛനും അമ്മയും, അധ്യാപകരായതുകൊണ്ടുതന്നെ, വല്ല്യേമ്മയായിരുന്നു മാഷെ കുട്ടിക്കാലം തൊട്ട് നോക്കിയത്. അതുകൊണ്ടുതന്നെ, മാഷിന് തന്റെ മാതാപിതാക്കളേക്കാൾ

വല്ല്യേമ്മയോടാണ് കടപ്പാട്. പക്ഷേ, സമൂഹം എന്ന നിലയ്ക്ക് ആരോടും അത്യധികം പ്രതിപത്തിയൊന്നും മാഷ് കാണിച്ചിരുന്നില്ല. എല്ലാവരേയും, സ്കൂളിലെ സമാന്തരമായ ബെഞ്ചുകളിലിരിക്കുന്നതിന്റെ തുല്യതയോടെ കണ്ടു. ജീവിതത്തിന് കൃത്യമായ ആകൃതിയില്ല, പക്ഷെ ചില ഇടങ്ങളിൽ കൃത്യമായ ആകൃതിയോടെ ചിലർ ജീവിച്ചുപോകുന്നു. കേശവദാസ് മാഷ് സ്വന്തം അമ്മയുടെകൂടെയും, അമ്മാവന്റെ കൂടേയും, അധ്യാപന ജീവിതം നിർവഹിച്ചിട്ടുണ്ട്. താൻ പഠിച്ചുപോയ, സ്വന്തം സ്കൂളിൽ തന്നെ അടുത്ത തലമുറയെ ഉയർത്തുക എന്ന ജീവിതത്തിൽ നിർവഹിക്കപ്പെടാത്ത ലക്ഷ്യം പൂർത്തീകരിച്ചിരിക്കുന്നു.

ആ പൂർത്തീകരണമാണ് പാട്ടൂർ സ്കൂളിന്റെ പ്രധാന അധ്യാപകനിലേക്ക് വന്നതിനും, ഇന്ന് തനിക്ക് സ്വപ്നങ്ങൾ സമ്മാനിച്ച സ്കൂളിനോട് വിടപറയേണ്ടിവരുന്നതിനും കാരണം. കുട്ടികളെന്നും കുട്ടികളാണ്, നിഷ്കളങ്കമായ കാപട്യമില്ലാത്ത ലോകത്തെ സമ്മാനിക്കുന്നവർ. പുതുതലമുറയോട് മാഷിന് പറയാനുള്ളത് ഇത്രമാത്രം.

“നമ്മുടെ എ. പി. ജെ അബ്ദുൾകലാം പറഞ്ഞതുപോലെ ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ ഊന്നൽ നൽകുക, തെറ്റുകൾക്കെതിരായി പ്രതികരിക്കുക.”

# 8 അമ്മ ഉണ്ടില്ലല്ലോ



ആടുകൾ കരഞ്ഞുകൊണ്ടിരിക്കുകയാണ്; വീടും. കാറ്റിളകുന്നില്ല, പൂക്കൾ വിരിയുന്നില്ല, വെളിച്ചമില്ല, വിളക്കില്ല. വെള്ളച്ചിയച്ഛമ്മയുടെ വീടാണത്.

കോച്ചി എന്ന് അമ്മയുടെ പേര്, പഴനി എന്ന് അച്ഛനും. ഒറ്റമോളാണ്. എന്നാലും ആരാന്റെ വീട്ടിൽ വളർന്നു.

അമ്മയുടെ അനിയത്തിയുടെ വീട്ടിൽ കുട്ടിയെ നോക്കലാണ് പണി. തല്ലുകൊള്ളാത്ത ദിവസങ്ങളില്ല, കരയാത്ത ദിനങ്ങളില്ല. ഒറ്റമോളാണെങ്കിലും ഒരനിയത്തിയുണ്ടായിരുന്നു.

ഏഴാം വയസ്സിൽ അവൾ യാത്രയായി. പതിനെട്ടാം വയസ്സിൽ കല്ല്യാണം കഴിച്ച് ഇപ്പോ

ഇവിടേക്കെത്തി. പക്ഷെ ദുരിതങ്ങൾ പിന്നാലേയുണ്ട്.

ബുദ്ധിവളർച്ചയില്ലാത്ത മകനോടൊപ്പം "മദർതെരേസ കഴുകി വൃത്തിയാക്കിയ രോഗം" ബാധിച്ച് അച്ഛനും ആ വിട്ടിലുണ്ട്. അതുകൊണ്ട്തന്നെ അച്ഛന്റെ കൈവിരലുകൾ മുറിച്ച് നീക്കപ്പെട്ടു.

ആട് മേച്ച് കുടുംബം പുലർത്താൻ ഈ അമ്പത്തഞ്ച്കാരി അച്ഛമ്മമാത്രം. പത്ത് മണിക്ക് മേയ്ക്കാൻ തുടങ്ങും.മൂന്നുമണിക്ക് കൊണ്ടുവരും. ജീവിതം എണ്ണകയാണെങ്കിൽ ആ കറുത്ത കടലാസ്സുകളിൽ സന്തോഷം കണ്ടിരിക്കില്ല. അച്ഛമ്മ പറഞ്ഞത് "സന്തോഷം ഞങ്ങൾക്ക് ദൈവം തന്നിട്ടില്ല". സങ്കടങ്ങൾ ഇഷ്ടംപോലെയുണ്ട്. ജിവിക്കണോ മരിക്കണോ എന്ന ചോദ്യത്തിന് മുന്നിൽ തിരിയണയാറായി ആ കുടുംബം.

ആരും അതുവഴി പോകാറില്ല, തിരിഞ്ഞു നോക്കാറുപോലുമില്ല. നോവിക്കാത്തവർ എന്നാലും നോവിക്കപ്പെട്ടവർ. അച്ഛമ്മയുടെ മോന് ഇരുപത്തിരണ്ടു വയസ്സായി. എന്റെ ഏട്ടനേക്കാൾ പ്രായമുണ്ട്. എന്നാലും തെളിഞ്ഞമനസ്സോടെയുള്ള ഒരു അമ്മക്ക് മകൻ. ദിവസവും ചികിത്സ. ഏതാശുപത്രിയിൽ പോകണമെന്ന് പറഞ്ഞാൽ അങ്ങോട്ട് പോകണം.

"കിണ്ണത്തിൽ ചോറുബാക്കിയുണ്ട്", അച്ഛൻ ആ മകനോട് പറഞ്ഞു. "മോനെ പോയി ചോറുണ്ണ്".

ഹൃദയത്തിൽ ദ്വാരമേന്തിയ, മറ്റുള്ളവർക്ക് ഹീനനായ മകൻ പറഞ്ഞു,


"അമ്മ ഉണ്ടില്ലല്ലോ..."

വീടെപ്പോഴുമിരുട്ടാണ്. പണ്ട് പഞ്ചായത്ത് തന്ന വീടാണത്. മുപ്പത്തിരണ്ടുരൂപക്ക് കേറ്റിയ വീട്. ഒപ്പം നാലുചാക്കരിയും തന്നു. പണിക്കാർക്ക് കൂലിയായി അരിയാണ് കൊടുത്തത്. കൊടുക്കാൻ പണമില്ലായിരുന്നു.

ആശുപത്രിക്ക് പോകാൻ നിൽക്കുകയാണച്ഛമ്മ. തലവേദന മാറുന്നതേയില്ല. നിശ്ശബ്ദമായി അവിടെ നിന്ന് യാത്ര തിരിക്കുമ്പോൾ.

പാലത്തിലൂടെ പുഴ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. അച്ഛമ്മയുടെ കണ്ണുനീരും അങ്ങനെ തന്നെ...

# 9 മാഷ് പോയാൽ ഇനി ആരാ ഞങ്ങടെ പല്ല് പറിക്കാ...



1987-ൽ തന്റെ ഇരുപത്തിമൂന്നാം വയസ്സിലാണ് ഉണ്ണികുമാരൻ മാസ്റ്റർ പാടൂർ സ്കൂളിലേക്കെത്തുന്നത്. സ്കൂളിലെ ആദ്യ ദിനങ്ങളായിരുന്നിട്ടും, മാഷ് ഒരു പരിഭ്രമവുമില്ലാതെ തന്റെ മുന്നിലിരിക്കുന്ന കുട്ടികൾക്ക് ക്ലാസ്സെടുത്തു.

ഇന്നത്തെ കഞ്ഞിപ്പുരയിലായിരുന്ന അന്നത്തെ മാഷിന്റെ രണ്ടാം ക്ലാസ്സ്. അന്ന് മുപ്പത്തിരണ്ട് കുട്ടികളായിരുന്ന ക്ലാസ്സിലുണ്ടായിരുന്നത്. ജീവിതത്തിന്റെ കാലത്തിന്റെ വ്യത്യസ്തതകൾ പുലർത്തുന്ന കുഞ്ഞു സ്വപ്നങ്ങൾ. മാഷ് ഏറ്റവും കൂടുതൽ ശിക്ഷിക്കുന്ന ഒരാളായിരുന്നു. ശിക്ഷിക്കുക എന്നാൽ ശിക്ഷിക്കുക തന്നെ. അന്ന് ഒരിക്കൽ തന്റെ ക്ലാസ്സിലെ മിടുക്കനായി കണക്ക് ചെയ്യുന്ന ഒരു കുട്ടിയുണ്ടായിരുന്നു. പക്ഷെ ഇടയ്ക്കൊക്കെ അവൻ കണക്ക് തെറ്റിക്കും. അങ്ങനെയിരിക്കെയാണ് മാഷ് അവനെ വടികൊണ്ട് തല്ലുന്നത്. മനസ്സിൽ ഒരു വിഷമവും, കൊണ്ടുനടക്കാതെ ആ കുഞ്ഞൻ വീട്ടിലേക്ക് പോയി. അടുത്ത ദിവസം അവന്റെ അച്ഛൻ നാടുനീളെ ഉണ്ണിമാഷ് മോനെ തല്ലിയെന്ന് പറഞ്ഞുനടന്നു. പക്ഷെ ഇന്ന് ആ കുഞ്ഞൻ വലിയ നിലയിലാണ്. ജീവിതത്തിന്റെ ഓരോ താഴ്ചകളിലും നിന്ന് പഠിച്ചെടുത്ത അനുഭവങ്ങളിലൂടെ ഉയരങ്ങളിലേക്കെത്തി. ഉണ്ണിമാഷ് ഒരധ്യാപകനായതിൽ പ്രധാന പങ്ക് മാഷിന്റെ ഏട്ടനായിരുന്നു. ഏട്ടന്റെ നിർബന്ധപ്രകാരമാണ് മാഷ് പരിശീ

ലനത്തിന് പോകുന്നത്. പാട്ടൂർ സ്കൂളിന് ഒരു ഉണ്ണിമാഷിനെ കിട്ടുന്നത് അങ്ങിനെയാണ്. മാഷിന് മറ്റൊരു കഥകൂടി പറയാനുണ്ടായിരുന്നു. മാഷ് സ്കൂളിൽ പഠിച്ചിരുന്ന കാലത്തെ കഥ.

ഒരിക്കൽ തന്റെ ഒരു കൂട്ടുകാരൻ ഒരു ഓറഞ്ച് കൊണ്ടുവന്നു. അന്ന് ഓറഞ്ച് കണ്ടിരുന്നതല്ലാതെ അതിന്റെ രുചി എന്തെന്നറിഞ്ഞിട്ടില്ല. ആകാംക്ഷയോടെ, അത്ഭുതത്തോടെ മാഷ് അത് നോക്കിനിന്നു. കൂട്ടുകാരൻ തന്റെ അധ്യാപകന് കൊണ്ടുവന്നതാണത്. അദ്ദേഹമത് മേശപ്പുറത്ത് വച്ചു. ഉരുണ്ട ആ ഓറഞ്ചിനെ നോക്കികൊണ്ട് ഉണ്ണിമാഷും, കൂട്ടുകാരനും കൂടി പതുക്കെ അതെടുത്ത് കഴിച്ചു. അന്ന് ആ ആകാംക്ഷയ്ക്ക് ഒരു ഓറഞ്ചിന്റെ മധുരമുണ്ടായിരുന്നു. പുളിപ്പും, മധുരവും, നിറഞ്ഞ ഒരു പ്രത്യേകരുചി. അടുത്ത ദിവസം ആ അധ്യാപകൻ വീണ്ടും സ്കൂളിലേക്ക് വന്നു. തന്റെ ഓറഞ്ച് കാണ്മാനില്ല. ആ അധ്യാപകൻ മോഷ്ടാവാരാണെന്ന് കണ്ടെത്തി. വടിയെടുത്ത് ഉണ്ണിമാഷിന്റെ ചന്തിയ്ക്കിട്ട് രണ്ട് പെട. കരഞ്ഞുകൊണ്ട് മാഷ് പുറത്തുനിന്നു. അമ്മ ആ സ്കൂളിൽ ടീച്ചറാണ്. അമ്മേടടുത്ത് പോയില്ല. അന്നത്തെ ആ അധ്യാപകന്റെ അടിയാകാം ഒരിക്കലും കക്കുകയോ, നുണ പറയുകയോ ചെയ്യരുതെന്ന ഗുണപാഠം മാഷിന് മനസ്സിലാക്കിക്കൊടുത്തത്. ഒരു ഓറഞ്ചിന് ഇത്രയധികം പറയാനുണ്ടാകുമായിരിക്കാം. ഒരു സ്കൂളിൽ ഒതുങ്ങിയ ഒരു മൂലയിൽ വീണ കണ്ണീരിന് ഇത്രധികം വളർച്ചയുമുണ്ടാകുമായിരിക്കാം. പക്ഷെ എല്ലാം അങ്ങിനെയാണ്, കുട്ടികളുടെ മാറ്റങ്ങളിൽ അധ്യാപകരുടെ കണ്ണുരുട്ടലിന് പ്രത്യക്ഷമായോ, പരോക്ഷമായോ അർത്ഥങ്ങളുണ്ട്, നല്ലതും ചീത്തയും.

ഇപ്പോൾ പാട്ടൂർ സ്കൂൾ പഴയതുപോലെയല്ല. മിക്കവാറും എല്ലാ സൗകര്യങ്ങളും എത്തിക്കഴിഞ്ഞിരിക്കുന്നു. അപ്പോഴും രണ്ടാം ക്ലാസ്സിലെ ഉണ്ണിമാഷിന്റെ മുഴക്കം അവിടെത്തന്നെയുണ്ട്. അന്ന് ആദ്യമായി സ്കൂളിലേക്ക് വരുമ്പോഴും, ഇന്ന് അതേ പടികൾ ഇറങ്ങേണ്ടിവരുന്ന മാഷിന് എന്തൊക്കെയോ സ്കൂളിനായി ചെയ്യാൻ പറ്റി, സ്കൂള് തന്നെയെന്തൊക്കെയോ പഠിപ്പിച്ചു എന്ന സന്തോഷമുണ്ട്.

ഒന്ന് തിരിഞ്ഞുനോക്കുമ്പോൾ ഇളകുന്ന പല്ല് ഒന്നുകൂടി ആട്ടും. പല്ലുകാട്ടി കുട്ടികൾ ഓടി വരും.

മാഷ് പോയാൽ ഇനി ആരാ ഞങ്ങടെ പല്ല് പറിക്കാ...

ഉള്ളിലൊരു വിങ്ങലോടെ മാഷത് പറഞ്ഞു.

ആ കുട്ടികളുടെ വിളി ഇനി എല്ലാം മനസ്സിൽ മാത്രം. മാറ്റത്തിനനുസരിച്ച് ഞാനും മാറേണ്ട സമയമായി. ഒരുപാടൊരുപാട് സ്നേഹാദരങ്ങളോടെ മാഷിന് വിട...

# 10 നീന്തി നീന്തി വിശപ്പടങ്ങാത്ത കിണ്ണങ്ങൾ



ജീവിതങ്ങൾ പലതരമുണ്ട്. നിറങ്ങളുള്ളവയും ഇല്ലാത്തവയും, കരിഞ്ഞതും, കരിയാത്തതും, വീണ്ടെടുക്കുന്നതും അല്ലാത്തതും. അങ്ങനെ അങ്ങനെ... എന്റെ വീടിന്റെ കുറച്ചു ദൂരം യാത്ര ചെയ്യേണ്ട സ്ഥലം ചുങ്കം. അവിടെ പട്ടണമായിരുന്നു. എന്റെ മനസ്സിലുള്ള പട്ടണം. ചുറ്റും മിന്നുന്ന കടകളും... പിന്നെ, മിന്നാത്ത ഇരുട്ടിലണയുന്ന മനുഷ്യരും. അവിടേയും എന്റെ കഥാപാത്രങ്ങളുണ്ടായിരുന്നു.

കുടുംബം പുലർത്താൻ വഴിനീളെ കടലവിറ്റ് ഉന്തുവണ്ടിയുമായി ജീവിതം ഉന്തികഴിക്കാൻ പോലും കഷ്ടപ്പെടുന്ന ഒരാൾ. പേര് “ഉസ്മാൻ”. ജീവിതത്തിന്റെ നിശ്ശബ്ദതയിൽ നിശ്ശബ്ദ

മായ ഒരാൾ. ശബ്ദമുണ്ടെങ്കിലും നിശ്ശബ്ദതയുടെ ഇരുട്ട് അവിടെ പ്രകാശിച്ചിരുന്നു. വീടില്ല, എന്നാലും ഒരു വാടകവീട്ടിൽ. കുടുംബം വലുതാണ്. ഏഴു പെൺമക്കൾ. രണ്ട് ആണങ്ങളും. ഭാര്യയുടെ പേര് സുർജഹാൻ. ആമിണികുട്ടി, ഖദീജ, ഉമ്മുസന്മാൻ, റുമല, ബദർനീസ, എന്നിവർ പെൺമക്കൾ. അഹമ്മദ്കോയ, മൗഹമ്മദ് കോയ എന്നിവർ ആൺമക്കൾ.

എന്നാലും ഏഴ് പെൺമക്കളേയും ഉസ്മ്മാൻ അച്ചാച്ഛൻ കെട്ടിച്ചയച്ചു. ആൺമക്കളാണെങ്കിൽ പെണ്ണ് കെട്ടി, കുട്ട്യോളും ആയി. കച്ചവടം അന്നും ഇന്നും ഇതുതന്നെയായിരുന്നു. എന്നാലും ഓരോ ഇടത്തായിരിക്കും ഉന്തുവണ്ടിയും, അച്ചാച്ഛനും കച്ചവടം നടത്തിയിരുന്നത്. കച്ചവടം വൈകുന്നേരം കഴിയും. അപ്പോൾ 500 മുതൽ 600 വരെ കാശ് കിട്ടും. എന്നാലും കുടുംബച്ചെലവ് ആ ആദായവും കവിഞ്ഞൊഴുകും.

അച്ചാച്ഛൻ പഠിച്ചിട്ടില്ല. പഠിക്കാൻ പറ്റിയിട്ടില്ല. അപ്പൊ പാടത്ത് പോയി പണിയെടുക്കും. ഭാര്യ ഒമ്പതാം ക്ലാസ്സ് വരെ പഠിച്ചിട്ടുണ്ട്. എന്നാലും അച്ചാച്ഛൻ തന്റെ മക്കളെ പഠിപ്പിച്ചു. തന്നലാവുന്നതുവരെ... ഒരാൾ പത്താം ക്ലാസു വരെ, ബാക്കിയെല്ലാവരും ഒമ്പതാം ക്ലാസ് വരെ.

അച്ചാച്ഛന്റെ അച്ഛൻ മീരാസാഹിബ്, അമ്മ ബീപാത്തുമ്മ.

കടല വാങ്ങാൻ ദിവസവും ആളുകളുണ്ട്. ഞാനും ഇരുപത് രൂപക്ക് കടല വാങ്ങി. നല്ല രുചി.

ഇന്നലേയും വാങ്ങിയിരുന്നു. ആ കടലയൊക്കെ കരിഞ്ഞിരുന്നു. എന്നാലും അതിനുമുണ്ടായിരുന്നു രുചി. അതിനു കാരണം മണല് കിട്ടാത്തതാണത്രേ... ഇപ്പോ എല്ലാ മണലും ഊറ്റികൊണ്ടുപോകുകയല്ലേ... എന്തു ചെയ്യാനാ...

അച്ചാച്ഛനെ വിട്ട് ഞാൻ ദൂരേക്ക് പോയി. വീട്ടിലേക്കായിരുന്നു...

അപ്പോൾ കാറ്റ് നന്നായി ഊതി. ആ കാറ്റ് ഞങ്ങടെ എതിരെ ഒഴുകി. ആ കാറ്റ് ജീവിതങ്ങളെ അക്കരെയെത്തിക്കുകയായിരുന്നു. ആരും കാണാതെ വേഗത്തിൽ ഇരുട്ടിലേക്ക് പോകുന്ന ജീവിതങ്ങൾ.

ആ ഇരുട്ടുയാത്ര കുണ്ടും കുഴിയും നിറഞ്ഞ് ഒഴുകുന്നതായിരുന്നു. ആ കടലിലൂടെ തോണി തുഴഞ്ഞ് കുറേ നിസ്സഹായരായ മനുഷ്യർ. നീന്തിനീന്തി വിശപ്പടങ്ങാത്ത കിണ്ണങ്ങൾ.

എന്നാലും അവിടങ്ങളിലൂടെ സ്വപ്നമെന്ന കരിഞ്ഞ "ഇലകൾ" പെയ്തുകൊണ്ടേയിരുന്നു... ഇരുട്ടിൽ മറഞ്ഞ ആ സ്വപ്നങ്ങൾ എന്നാലും ആരും കണ്ടിരുന്നതേയില്ല...

കണ്ട കണ്ണുകൾ കണ്ടില്ലെന്നു നടിച്ചു. കാണാത്ത കണ്ണുകൾ കാണരുതെന്നും.

# 11 കരിയിലകൾ ആരും കാണാറില്ല



കുറച്ച് നാളുകൾക്കു ശേഷമായിരുന്നു നിശബ്ദതകൾ ഉറങ്ങിക്കിടക്കുന്ന മണ്ണിലേക്കൊന്ന് ഞാൻ ഇറങ്ങി ചെന്നത്. അത് പെണ്ണിടങ്ങളും ജീവിതവുമായിരുന്നു.

ആ മുത്ത്യേമ്മയുടെ പേരാണ് ചിന്ന.



ഓർമ്മയിലിപ്പോഴും എഴുപതിൽ കവിയാതെ എൺപത് വയസ്സുകാരിയായ മുത്ത്യേമ്മ... മുത്ത്യേമ്മക്ക് രണ്ട് മക്കളാണുള്ളത്.

അതിലൊരാളാണ് ഞാൻ കണ്ട ആ ജീവിതത്തിലെ ഒരു കണ്ണി. പേര് സ്വാമിനാഥൻ.

ചിന്ന മുത്ത്യേമ്മയുടെ മൂത്ത മോൻ.

വല്ല്യേച്ചന് നാൽപ്പത് വയസ്സായി കാണും. അതുകൊണ്ട്തന്നെ അച്ഛന്റെ കൂട്ടുകാരൻ കൂടിയാണ് വല്ല്യേച്ചൻ. ഞാൻ കണ്ട പെണ്ണിടങ്ങളിലെ ഓരോ ഇടങ്ങളിലും വേദനയാർന്ന ദുഖങ്ങൾ ആരും കാണാതെ, ആരും കാണാനാഗ്രഹിക്കാതെ ഒളിച്ചിരിപ്പുണ്ടാകും...

അതുപോലെ ഒന്ന് ഇവിടേയുമുണ്ട്.

അതിന്റെ കണ്ണാടിയാണ് സ്വാമിനാഥൻ വല്ല്യേച്ചൻ.

വല്ല്യേച്ചന് മാനസ്സികമായി കുറേയധികം പ്രശ്നങ്ങളുണ്ടത്രേ...

പെട്ടെന്നൊന്നും മനസ്സിലാകാത്തവണ്ണം അത് മനസ്സിന്റെ ആഴങ്ങളിലേക്ക് എപ്പോഴോ ഇറങ്ങിച്ചെന്നിരിക്കുന്നു. കണ്ടാൽ പ്രശ്നങ്ങളൊന്നും തോന്നില്ല. എന്നാൽ അവിടമെന്തോ ഉണ്ട്.

അതുകൊണ്ട് തന്നെയാണ് നാട്ടാര് വല്ല്യേച്ചനേം ഒരു രോഗിയാക്കിയത്.

കണ്ണനീർ നനഞ്ഞ ചിന്ന അച്ഛമ്മയുടെ കണ്ണുകൾ പറഞ്ഞതും അതുതന്നെ...

തീരാദുഖഃങ്ങളുടെ കുടചൂടി നിൽക്കുന്ന തോരാമഴ എന്നവസാനിക്കുമെന്നോതി മുത്ത്യേമ്മ യുടെ ചുണ്ടുകൾ അനങ്ങികൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഓരോ നിലക്കലിലും അതുതന്നെ മുഴങ്ങികൊണ്ടിരുന്നു. അച്ഛനും ഒരിക്കൽ അവിടമുണ്ടായിരുന്നു. പേര് ചീറുമ്പൻ.

ജീവിക്കാനായി എല്ലാ തൊഴിലുകളേയും കൂട്ടുപിടിച്ചയാൾ. അദ്ദേഹത്തിന് രക്തസമ്മർദ മാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന് ഗുളികകളോടും വെറുപ്പാണ്. അങ്ങനെയൊ രിക്കൽ തെങ്ങ് കയറാൻ പോകുമ്പോഴാണ് ഈ സമ്മർദം തലക്കേറ്റത്. പിന്നെ വീടെ ത്തിയിട്ട് ഉച്ചത്തെ ചോറ് മാറ്റിവച്ച് ഒരു മയങ്ങൽ.

നിശബ്ദതക്കായി തീണ്ടുന്ന ശബ്ദത്തിന്റെ തുടക്കം പോലെ പിന്നെയദ്ദേഹം മിണ്ടിയിട്ടില്ല. പല ആശുപത്രികളും കേറിയിറങ്ങി.

പല മരുന്നുകൾ അദ്ദേഹത്തിന്റെ മേലിലും.

അങ്ങനെ പത്തൊമ്പത് വർഷം അറിയാതെ കടന്നു പോയി. അന്നൊക്കെ സ്വാമിനാഥൻ വല്ല്യേച്ചൻ ഭയങ്കര പുത്തിയായിരുന്നത്രേ...

അച്ഛനെ ആശുപത്രിയിലേക്കെത്തിക്കാൻ കാറു കൊണ്ടുവരാനും, പോകാനും അങ്ങനെ തിരക്കിലും എല്ലാം ചെയ്തു തീർക്കുന്ന തരത്തിൽ മിടുക്കനാണ് വല്ല്യേച്ചൻ മരുന്നുകൾ കയറിയിറങ്ങി മടുത്ത് അച്ഛനെ വീട്ടിലേക്ക് കൊണ്ടുവന്നതിന്റെ നാലാം ദിവസമാണ് അച്ഛൻ അവസാനമായൊന്ന് ശ്വാസം വലിച്ചത്.

കാലം ഇനിയും തുടർന്നു.

അടുത്ത മൂന്നു കൊല്ലം കഴിഞ്ഞപ്പോഴേക്കും ഒരുനാൾ അപ്രതീക്ഷിതമായി വന്ന അത് വല്ല്യേച്ചനേം ആ നിശബ്ദതയുടെ പിടിയിലാക്കി. ഇന്ന് വല്ല്യേച്ചൻ ജോലിക്കു പോകുന്നി ല്ല. ആ ജീവനെ പുലർത്തുന്നത് എൺപതുകാരിയായ ചിന്ന മുത്തശ്ശി മാത്രമാണ്.

അയൽപക്കം സഹായിക്കാറില്ല.

എന്നാൽ മറുപക്കം കണ്ടാൽ അമ്പതോ നൂറോ വച്ചു നീട്ടും. മൂക്കുപൊടി വലിക്കുന്ന ശീലമു ണ്ട് വല്ല്യേച്ചന്.

അതുകൊണ്ടാണത്രേ പല്ലുപോയതെന്നാ മുത്ത്യേമ്മയുടെ പറച്ചിൽ. മൂക്കുപൊടി മാത്രമല്ലേ, എനിക്ക് വേറൊരു ശീലമൊന്നുമില്ലല്ലോ എന്ന വല്ല്യേച്ചന്റെ മറുപടിയും.

വല്ല്യേച്ചന്റെ ഈ പ്രശ്നമൊന്ന് മാറികിട്ടാൻ ആ പത്തൊമ്പത് വർഷങ്ങൾപോലെ ഇന്നും ആശുപത്രികളെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. ചിലപ്പോൾ വിശ്വാസം അതിനെ തകർത്തെറിഞ്ഞാലോ എന്നു കരുതി ഹോമങ്ങളും...

വല്ല്യേച്ചൻമാത്രമല്ല...

മകളും ഇങ്ങനെതന്നെ...

എന്നാലും പണിക്കു പോകുന്നുണ്ടെന്ന് മാത്രം...

കല്യാണമൊക്കെ കഴിച്ചയച്ചു.

എന്നാൽ ചെക്കന്റെ വീട്ടുകാർ സ്വർണവും വാങ്ങി കുറച്ച് ദിവസം കഴിഞ്ഞ് ഇങ്ങോട്ട് തന്നെ കൊണ്ടാക്കി...

ഇടക്കിടക്ക് പെണ്ണിനെ അങ്ങോട്ട് കൊണ്ടാക്കലാണ് പതിവ്.

ഇനി ശരിയാവില്ലെന്ന് കരുതിയ മകളും ഇപ്പോൾ ഇവിടെതന്നെ... വല്ല്യേച്ചനും മക്കളുണ്ട്.

അവർ കുറച്ച് ദൂരെയാണ്... എന്നാൽ അവരൊന്നും വല്ല്യേച്ചന് തണലൊന്നുമല്ലാട്ടോ... ആകെപ്പാടെ ഈ ചിന്ന എന്ന മുത്തശ്ശിയാൽ മാത്രം...

ഒരിക്കൽ ആ മുത്തശ്ശിയാലും കത്തിയണയും, ആ നേരത്ത് എന്റെ വേരിലിരുന്നുറങ്ങിയ മകനെ ആര് കാത്തുകൊള്ളുമെന്ന് പറഞ്ഞ് പറഞ്ഞ് കരഞ്ഞ് കരഞ്ഞ് ഓരോരോ കരിയിലകളായി വസന്തത്തിലും, ഗ്രീഷ്മത്തിലും, ശിശിരത്തിലും, ഹേമന്തത്തിലുമായി പൊഴിച്ചുകൊണ്ടിരിക്കുന്നു.

ഏതെങ്കിലും ഒരുണ്ണി വന്ന് കണ്ണനെ കാണാനായി ആ ദുഃഖങ്ങളൊക്കേയും നിറച്ച ഇലയൊന്ന് പെറുക്കി നടുവായി ആനന്ദത്താൽ കീറിനോക്കിയെങ്കിൽ... ഓ... അച്ഛമ്മയുടെ ദുഃഖം കുറച്ചെങ്കിലും അകന്നു പോയേനേ...

എന്നാൽ, ആ കരിയിലകൾ ആരും കാണാറില്ലല്ലോ...

# 12 വറ്റ് മക്കൾക്ക് വെള്ളം അമ്മക്ക്



വെള്ളച്ചിയമ്മൂമ്മയ്ക്ക് എൺപത്തൊമ്പതു വയസ്സായി. എന്നിട്ടും, തളരാത്ത മനസ്സും, കാൽകളും. ഞാനാങ്ങോട്ട് ചെല്ലുമ്പോൾ അച്ചമ്മ മുമ്പറത്തു തന്നെയുണ്ടായിരുന്നു. ചിരിച്ച്.

മൊടപ്പല്ലൂരിലാണ് വീട്, അച്ഛനമ്മമാരുടെ പേര് കുഞ്ഞൻ, മാങ്ങോടി എന്നിങ്ങനേയാണ്. സഹോദരനായി ഒരാൾ മാത്രം. പതിനാറാം വയസ്സിൽ തന്നെ കല്ല്യാണവും കഴിച്ചു. എല്ലാ

വരേയും പോലെ പഠിച്ചിട്ടില്ല. കുഞ്ഞിനെ നോക്കലാണ് പണി. പിന്നെ കല്ല്യാണം കഴിച്ചിട്ടാണ് കൃഷിപണിക്ക് പോയത്. ചെറിയ ഓട്ടുപെരയാണ്, മനസ്സിൽ വലിയ വീടുതന്നെ. അന്നത്തെ കഷ്ടപ്പാട് ആലോചിച്ചാൽ ഇന്ന് സുഖമാ...

കൃഷിപ്പണിയാണെന്ന് പറഞ്ഞു. സേതുമാഷാണത്രേ പണിക്ക് കൊണ്ടുപോകുക. പുലർകാലെ നാലുമണിക്കുതന്നെ പോകണം. അപ്പോഴൊന്നും ആരും എണീച്ചിട്ടുണ്ടാകില്ല.

അമ്മൂമ സങ്കടത്തോടെ ഒന്ന് പറഞ്ഞു. "ഇത്രയും പണിയെടുത്തിട്ട് പിന്നെ എന്തുകിട്ടി, ഒന്നും കിട്ടിയില്ല."

അറുപതു വയസ്സുവരെ അച്ചനമമ്മയും ജീവിച്ചു. നൂറു വർഷത്തെ ചരിത്രമല്ലേ അച്ചമ്മ; അതുകൊണ്ടു തന്നെ അച്ചമ്മക്ക് അമ്പലത്തിലേക്ക് കേറാൻ കഴിഞ്ഞിട്ടില്ല. 57-കൾക്ക് ശേഷമാണ് അമ്പലത്തിലേക്ക് കേറാൻ കഴിഞ്ഞത്. അന്നത്തെ വിവാഹത്തെ കുറിച്ച് പറയാം.

പെണ്ണ് കാണാൻ വരുന്നത് കാരണവർമാരാണ്. കല്ലാണം കഴിക്കുമ്പോഴായിരിക്കും ചെക്കൻ പെണ്ണിനെ കാണുകതന്നെ ചെയ്യുക. നടന്നാണ് പോകുക.

രാജാക്കൻമാർക്ക് പല്ലക്കായിരിക്കും. സ്ത്രീധനം അഞ്ച് ലക്ഷ്മീരൂപവും രണ്ടണയുടെ മാലയുമാണ്. ഇതെല്ലാം ചെക്കൻ പെണ്ണിന് കൊടുക്കണം. ലക്ഷ്മീരൂപം എന്നത് പരന്നിട്ടുള്ളതാണ്. പ്രസവത്തിന് പാത്രങ്ങൾ കൊടുക്കും. ഓട്ടുപാത്രങ്ങളായിരിക്കും.

കിടന്നുറങ്ങുന്നത് നിലത്തുതന്നെയാണ്.

ആരെങ്കിലും മരിക്കുമ്പം പതിനഞ്ചാം ദിവസമാണ് പെല. വീട്ടുവളപ്പിലും, പുഴയിലും ആണ് സംസ്കരണം.

അമ്മൂമ ഇപ്പഴും വീട്ടുപണി ചെയ്യുന്നുണ്ട്, എന്പതൊന്പതാം വയസ്സിലും...

എണീക്കേണ്ട മുഷിപ്പു മാത്രമേയുള്ളു, പിന്നെ യന്ത്രമാ... വേറൊരു പ്രശ്നവുമില്ല. ഇന്ന് പനി വരുമ്പം പാരസെറ്റമോൾ കഴിക്കും. അന്നങ്ങനേയല്ല, മുരിങ്ങാത്തൊലി കഷായമാണ് ചികിത്സ. മേടത്തിൽ സ്ഥിരമായി വസൂരി വരുമത്രേ... അപ്പോ വിജനമായൊരു സ്ഥലത്ത് കെടത്തും.

അമ്മൂമ ഇപ്പോഴാണത്രേ ഒരു വാഹനം കാണുന്നതന്നേ... കോഴി കൂവുമ്പം ആണ് പാടത്തിറങ്ങുക; സമയം നിഴലാണ്.

മറ്റൊരു രീതിയുമുണ്ട്. രണ്ട് പാത്രം കമിഴ്ത്തി വെയ്ക്കും. അതിൽ ഒരു ഓട്ടയിടും. മണലിടും, അല്ലെങ്കിൽ വെള്ളം. അത് അരയാകുമ്പം അര നാഴിക, മുഴുവനാകുമ്പം ഒരു നാഴിക. അങ്ങനെയാണ് കണക്ക്.

അച്ചമ്മയുടെ മുടിയിപ്പഴും നെരച്ചിട്ടില്ല. രാവിലെ കഞ്ഞി, കൂട്ടാൻ ഒരു മെളക്. ഉച്ചക്ക് ഒന്നുമില്ല. അന്നേ... പണിക്ക് പോകുമ്പോൾ കുട്ടികളെ എവിടെയെങ്കിലും ഇട്ടിട്ടു പോകും. പക്ഷേ, കുട്ടികൾ അവിടെ കളിക്കുകയായിരിക്കും.

അന്ന് വിളക്കുണ്ടായിരുന്നു. വിളക്കല്ല കമ്പ്രാന്തിരി.


അമ്മൂമ്മയുടെ ഭർത്താവിന്റെ പേര് ചാമി എന്നാണ്. അതു മറന്നുപോയി. തവളക്കണ്ണൻ, വെളുത്തരികഴമ, വലിയചമ്പാൻ, ചെറിയചമ്പാൻ, സ്വർണാലി, പൊറ്റമാടൻ... ഇതൊക്കെ അന്നത്തെ നെല്ലിനങ്ങൾ. പക്ഷേ, ഇതൊന്നും ഇപ്പോളില്ല. 120 ദിവസമെടുക്കും വിളവു കിട്ടാൻ. കന്നിയും മകരവുമാണ് ഇതിന്റെ കാലം. രണ്ട് പ്രാവശ്യമാണ് വിളവ്. കൊയ്ത്തുപാട്ടിനെ കുറിച്ച് പറയാൻ ഒന്നുമുണ്ടാകില്ല. കാരണം കൊയ്ത്തുപാട്ടേയില്ല. അതിന് അങ്ങ് പടിഞ്ഞാറോട്ട് പോകണം.

പണിത് കിട്ടുന്ന ചോറു കുറച്ചാണെങ്കിലും, അതിന്റെ രുചി ഒന്ന് വേറെതന്നേയാ...

വറ്റ് മക്കൾക്ക് വെള്ളം അമ്മക്ക്. വിശേഷ ദിവസത്തിൽ മാത്രമേ ചോറും, കൂട്ടാനും കിട്ടുള്ളൂ...

എന്തൊക്കെ പറഞ്ഞാലും അമ്മൂമ്മ നൂറു വർഷം തന്നേയാണ്. കലണ്ടറിലെണ്ണാത്ത കാലവും...

# 13 എന്റെ സ്കൂൾ



സ്കൂൾ ജീവിതത്തോട് വിടപറയുമ്പോൾ ചില വസ്തുതകളേയും, വസ്തുക്കളേയും എല്ലാവർക്കും ഉപേക്ഷിക്കുന്നതുപോലെ എനിക്കും ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

അതിലെ പ്രധാനിയായിരുന്നു ബോൾ പേനകൾ...

പക്ഷെ ആ വലിച്ചെറിയലുകൾ ഈ വർഷത്തെ സ്കൂൾ പൂട്ടലോടുകൂടി അവസാനിക്കുന്നില്ലെന്ന് മാത്രം.

ഇനി രണ്ട് മാസം കഴിഞ്ഞ് വീണ്ടും സ്കൂൾ തുറക്കും, ചീറി പെയ്യുന്ന മഴയോടൊപ്പം കമ്പോളത്തിൽ പുതിയ ബാഗുകളും, കുടകളും, ചെരുപ്പുകളും, യൂണിഫോമുകളും, ടിഫൻ ബോക്സുകളും, സ്കെയിലും, പെൻസിലും, നോട്ടുബുക്കുകളും, വാട്ടർ ബോട്ടിലുകളും എല്ലാം എത്തിയിട്ടുണ്ടാകും.

അതിനേക്കാൾ വേഗത്തിൽ വലിയൊരു കുത്തൊലിപ്പുപോലെ ജനങ്ങളും. പഴയ കമ്പോളങ്ങളിൽ പുതുതായെത്തുന്ന സ്കൂൾ സാമഗ്രികളും, ഒരിക്കൽ പഴകിയതാകും, ദിനം പ്രതി വലിച്ചെറിയപ്പെടുന്ന ബോൾ പേനകളുടെ കൂട്ടത്തിൽ ഇത്തരം ദീർഘകാല ജീവിതചക്രമുള്ള പ്ലാസ്റ്റിക്കുകളും, മാലിന്യങ്ങളായി തീരും.

സ്കൂൾ ഓർമകളിലും ഇന്ന് പ്ലാസ്റ്റിക്ക് ചടഞ്ഞുകൂടിയിരിക്കുകയാണ്.

ചോറ് കൊണ്ടുവന്നിരുന്ന സ്റ്റീൽ പാത്രങ്ങളും ടിഫൻ ബോക്സുകളെന്ന പ്ലാസ്റ്റിക്ക് ഉത്പന്ന

ങ്ങളായി.

ഏറിവന്ന ഉപഭോഗസംസ്കാരവും, എണ്ണത്തിൽ കൂടുന്ന കംമ്പോളങ്ങളും, സ്കൂളുകളെ "വീണ്ടും ഉപയോഗിക്കുക" എന്നതിൽ നിന്നും അകറ്റിയിരിക്കുന്നു.

അതിലൊന്നുതന്നെയാണ് യൂണിഫോമും.

എനിക്ക് പത്താം ക്ലാസ്സിൽ മൂന്ന് യൂണിഫോം ഷർട്ടാണ് ഉണ്ടായിരുന്നത്. ഒന്ന് എട്ടാം ക്ലാസ്സിലേയും, പിന്നൊന്ന് ഒമ്പതിലേയും, പിന്നത്തേത് പത്തിലേയും.

എട്ടാം ക്ലാസ്സിലെ ആ വെളുത്ത യൂണിഫോം ഷർട്ട് ഇത്തിരി ചെറുതാകുകയും, നൂലിഴകൾ പിഞ്ഞിപ്പോകുകയും ചെയ്തിട്ടുണ്ടായിരുന്നു. മൂന്ന് ഷർട്ടാണെങ്കിലും ഒരേയൊരു പാന്റേ ഉണ്ടായിരുന്നുള്ളൂ...

ആ പാന്റിന്റെ ഹൃദയവും കീറിയപ്പോഴാണ് പുതുതായി ഒരു പാന്റ് കിട്ടിയത്. അതുതന്നെയായിരുന്നു എന്റെ സ്കൂൾ ജീവിതത്തിലേക്ക് ഇട്ടിരുന്നതും.

മനുഷ്യനെ കമ്പോളം നിയന്ത്രിക്കുമ്പോൾ നാമോരുരുത്തരും പുതിയ ഉത്പന്നങ്ങൾക്കായി തിരയുന്ന ഉപഭോക്താക്കളാകുന്നു... പരസ്യവാചകങ്ങൾ വിളിക്കുന്നതും, ആ ഉപഭോക്താക്കളെത്തന്നെ...

സമൂഹത്തിന്റെ പരിച്ഛേദം സ്കൂളെന്ന നിലയ്ക്ക് സ്കൂളിൽ തുടങ്ങുന്ന ഓരോ സംരംഭവും സമൂഹത്തിൻറെകൂടി നന്മയ്ക്കുള്ളതാകുന്നു. സ്കൂളിന്റെ ഹൃദയത്തിലേക്ക് വലിച്ചെറിയപ്പെടുന്ന ബോൾ പേനകൾക്ക് പകരം, പേപ്പർ പേനകളോ, മഷിപ്പേനകളോ ഉപയോഗിക്കാം.

പ്ലാസ്റ്റിക്ക് ബാഗുകൾക്കു പകരം തുണിയുത്പന്നങ്ങളുടെ ബാഗുകളും,

പ്ലാസ്റ്റിക്ക് ടിഫൻ ബോക്സിനു പകരം സ്റ്റീലിന്റെ ചോറ്റുപാത്രവും ഉപയോഗിക്കാവുന്നതേയുള്ളൂ...

കമ്പോളം സൃഷ്ടിക്കുന്ന തെറ്റുകൾക്ക് കമ്പോളത്തിൽ തന്നെ ഉത്തരവും ഉണ്ടെന്ന് പറയാം...

ഒരു കുട്ടിക്കും ഒരു സ്കൂളിനും ഒരു രക്ഷിതാവിനുമായി, സമൂഹത്തിനായി ചെയ്യാവുന്നത് വലിയ കാര്യങ്ങളാണ്. അടുത്ത മഴപാറ്റലിൽ ഇനിയും നിറയാൻ പോകുന്നതും പ്ലാസ്റ്റിക്കുകളാണെന്ന ദുസ്വപ്നത്തെ മറക്കാൻ ശ്രമിക്കാം, മറവി മാത്രമല്ല,

പകരത്തിനായി ഭൂമിയുടെ കണ്ണിൽ വിളയുന്നതും, കായ്ക്കുന്നതുമായ ഉത്പന്നങ്ങളെ ഉപയോഗിക്കാം...

വരുമൊരു തലമുറയിൽ നിന്നും കടം വാങ്ങിയ ഈ ഭൂമി അവർക്കു തന്നെ തിരികെയേൽപ്പിക്കാം...

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA